# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2045

11.02.2020 ൽ മറുപടിയ്ക്ക്

### അനധികൃതപാർക്കിംഗ്

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളുടെ ഉടമകൾക്ക് മേൽ സ്വീകരിക്കേണ്ട നടപടികളിൽ നിന്നും ചില കടകളുമായി ബന്ധപ്പെട്ടവരെ സ്ഥിരമായി ഒഴിവാക്കുന്നതായ വിവരം ഗൗരവമായി കാണുമോ; | (എ) | തലസ്ഥാന നഗരിയിലെ ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന എല്ലാ വാഹന ഉടമൾക്കെതിരെയും അവശ്യം വേണ്ട നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും കടകളുമായി ബന്ധപ്പെട്ടവർക്ക് പ്രത്യേക ഇളവുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |
| (ബി) | ഈ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ പരിശോധന നടത്തിയാൽ സ്ഥിരമായി അനധികൃത പാർക്കിംഗ് നടത്തുന്ന വാഹനങ്ങളെ-ക്കുറിച്ച് വിവരം ലഭ്യമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി ക്യാമറകൾ പരിശോധിച്ചും, നേരിട്ടും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്ഥലത്തെ ഫുട്പാത്തിലുൾപ്പെടെ ഇത്തരം അനധികൃത പാർക്കിംഗ് സ്ഥിരമായി നടത്തുന്ന എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായെന്ന് വ്യക്തമാക്കാമോ; | (സി) | ടി സ്ഥലങ്ങളിൽ പാർക്ക് ചെയ്ത 150 ഓളം വാഹനങ്ങളുടെ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ പ്രദേശത്തെ ഹോട്ടൽ, ജ്യൂസ് കടകളുടെ മുമ്പിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ-ക്കെതിരെ തുടർച്ചയായി നടപടി സ്വീകരിക്കാൻ ഉന്നത ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകുമോ? | (ഡി) | ടി സ്ഥലങ്ങളിലെ ഹോട്ടൽ, ജ്യൂസ് കട തുടങ്ങിയ എല്ലാ കട ഉടമകൾക്കും, ഫുട്പാത്തിൽ പാർക്കിംഗ് അനുവദിക്കാൻ പാടില്ലാ എന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**